# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **16-07-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 8009**

## <u>ബ്രഹ്മോസിന്റെ വികസനം</u>

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ.സി.ദിവാകരൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ബ്രഹ്മോസിന്റെ വികസനവുമായി ബന്ധപ്പെട്ട് കേരള സർക്കാരുമായി ഏതെങ്കിലും കരാർ നിലവിലുണ്ടെങ്കിൽ വിശദമാക്കുമോ ; | (എ) | 05/12/2007 - ന് കേരള സർക്കാർ കെൽടെക് എന്ന സ്ഥാപനം ബ്രഹ്മോസ് ഏറോസ്പേസ് (പ്രൈ) ലിമിറ്റഡിന് കൈമാറ്റം ചെയ്യുന്നതു സംബന്ധിച്ചു ഒരു കൈമാറ്റകരാർ ഒപ്പു വച്ചിട്ടുണ്ട്. ഈ കൈമാറ്റ കരാർ പ്രകാരം കേരള സർക്കാർ ബ്രഹ്മോസിനു കൂടുതൽ സൗകര്യങ്ങൾ നിർമ്മിക്കുന്നതിലേക്കാവശ്യമായി വരുന്ന ഭൂമി ലഭ്യമാക്കുന്നതിനും പുതിയ സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കാവശ്യമായി വരുന്ന നിയമപരമായതും അനുബന്ധമായ എല്ലാ സഹായവും നൽകുന്നതായിരിക്കുമെന്ന് വ്യവസ്ഥയുള്ളതാണ്. മേൽപ്പറഞ്ഞ കൈമാറ്റ കരാർ അല്ലാതെ, ബ്രഹ്മോസിന്റെ വികസനവുമായി ബന്ധപ്പെട്ട് ഒരു കരാറും കേരള സർക്കാരും ബ്രഹ്മോസും തമ്മിൽ നിലവിലില്ല. |
| (ബി) ബ്രഹ്മോസിന്റെ 2012 മുതലുള്ള ലാഭ നഷ്ട കണക്കുകൾ വിശദമാക്കുമോ ? | (ബി) | ഓഡിറ്റ് ചെയ്യപ്പെട്ട കണക്കുകളനുസരിച്ച് കമ്പനിയ്ക്ക് 2011-12 സാമ്പത്തിക വർഷത്തിൽ 3.36 കോടി രൂപയുടെ നഷ്ടവും, 2012-13 സാമ്പത്തിക വർഷത്തിൽ 3.24 കോടി രൂപയുടെ നഷ്ടവുമുണ്ടായിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തെ കണക്കെടുപ്പും ഓഡിറ്റും നടന്നുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ